# KERALA STATE INSURANCE DEPARTMENT
# കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്

## സംസ്ഥാന ലൈഫ് ഇൻഷ്വറൻസിലേയ്ക്കുള്ള പ്രൊപ്പോസൽ പൂരിപ്പിക്കുന്നതിനു സഹായകമായ നിർദ്ദേശങ്ങൾ

1. അപേക്ഷാ ഫാറം ഇംഗ്ലീഷിൽ മാത്രം പൂരിപ്പിക്കേണ്ടതാണ്
2. ഒരു കോളത്തിൽ ഒരക്ഷരം എന്ന രീതിയിൽ പൂരിപ്പിക്കുക. രണ്ടു പദങ്ങൾക്കിടയിലുള്ള സ്പേയ്സ് കാണിക്കാനായി ഒരു കോളം ഒഴിച്ചിടുക
3. അപേക്ഷാ ഫാറത്തിലെ എല്ലാ ചോദ്യങ്ങൾക്കും വ്യക്തമായി ഉത്തരം എഴുതേണ്ടതാണ്.

ചോദ്യം 1 സ്പാർക്കിൽ നിന്നും അനുവദിച്ച Permanent Employee Number (PEN) അല്ലെങ്കിൽ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ നിന്നും അനുവദിച്ച Employee Code എഴുതുക. PEN/ Employee Code ലഭിച്ചിട്ടില്ല എങ്കിൽ ലഭ്യമായിട്ടില്ല എന്നെഴുതിയതിനു മുമ്പുള്ള കോളത്തിൽ ടിക്ക്(✓) മാർക്ക് ഇടേണ്ടതാണ്.

ചോദ്യം 2 പേര് വലിയ അക്ഷരത്തിൽ എഴുതുക. 'മാതൃ ഭാഷയിൽ' എന്നെഴുതിയതിനു നേരെ പേര് മാതൃ ഭാഷയിലും എഴുതേണ്ടതാണ്.

ചോദ്യം 3 ഉചിതമായ കോളത്തിൽ ടിക്ക്(✓) മാർക്ക് രേഖപ്പെടുത്തുക

ചോദ്യം 4 ആദ്യ രണ്ടു കോളങ്ങളിലായി ദിവസം അടുത്ത രണ്ടു കോളങ്ങളിലായി മാസം അടുത്ത നാലു കോളങ്ങളിലായി വർഷം എന്ന രീതിയിൽ ജനനതീയതി രേഖപ്പെടുത്തുക

ചോദ്യം 5 ഉചിതമായ കോളത്തിൽ ടിക്ക്(✓) മാർക്ക് രേഖപ്പെടുത്തുക

ചോദ്യം 6 സ്ഥിര മേൽവിലാസം (വീട്ടു നമ്പർ/പേര്, സ്ഥലപ്പേര്, തപാൽ ആഫീസ്, ജില്ല എന്നിവ) പിൻകോഡ് സഹിതം രേഖപ്പെടുത്തുക. ലാൻഡ് ഫോൺ നമ്പറും മൊബൈൽ നമ്പറും ഇമെയിൽ അഡ്രസ്സും (ഉണ്ടെങ്കിൽ) രേഖപ്പെടുത്തുക.

ചോദ്യം 7 ജോലി ചെയ്യുന്ന വകുപ്പിന്റെ/ബോർഡിന്റെ/കോർപറേഷന്റെ പേര് രേഖപ്പെടുത്തുക

ചോദ്യം 8 അപേക്ഷകൻ സെൽഫ് ഡ്രോയിംഗ് ഓഫീസറാണെങ്കിൽ, ട്രഷറിയിൽ നിന്നും ലഭ്യമായ എസ്ഡിഒ കോഡും സെൽഫ് ഡ്രോയിംഗ് ഓഫീസറല്ലെങ്കിൽ ബന്ധപ്പെട്ട ശമ്പള വിതരണ ഓഫീസറുടെ ഡിഡിഒ കോഡും അതിനനുവദിച്ച കോളത്തിൽ രേഖപ്പെടുത്തുക. ജോലി ചെയ്യുന്ന കാര്യാലയത്തിന്റെ പേരും മേൽവിലാസവും പിൻകോഡ്, ലാൻഡ് ഫോൺ നമ്പർ, ഇമെയിൽ എന്നിവ സഹിതം രേഖപ്പെടുത്തുക

ചോദ്യം 9 ഉദ്യോഗപേര് രേഖപ്പെടുത്തുക

ചോദ്യം 10 ആദ്യ രണ്ടു കോളങ്ങളിലായി ദിവസം അടുത്ത രണ്ടു കോളങ്ങളിലായി മാസം അടുത്ത നാലു കോളങ്ങളിലായി വർഷം എന്ന രീതിയിൽ ജോലിയിൽ പ്രവേശിച്ച തീയതി രേഖപ്പെടുത്തുക

ചോദ്യം 11 അടിസ്ഥാനശമ്പളം രേഖപ്പെടുത്തുക

ചോദ്യം 12 പെൻഷൻ പറ്റി പിരിയുന്ന പ്രായം രേഖപ്പെടുത്തുക

ചോദ്യം 13
- a. അടച്ച പ്രീമിയം തുക രേഖപ്പെടുത്തുക
- b. പ്രീമിയം അടച്ച രീതി ഉചിതമായ കോളത്തിൽ ടിക്ക്(✓) മാർക്ക് രേഖപ്പെടുത്തുക
- c. ഡിഡി/ചെല്ലാൻ/ടി ആർ 5 രശീതി യുടെ നമ്പർ രേഖപ്പെടുത്തുക
- d. ഡിഡി/ചെല്ലാൻ/ടി ആർ 5 രശീതി യുടെ തീയതി രേഖപ്പെടുത്തുക
- e. ബാങ്കിന്റെ/ ട്രഷറിയുടെ/ ഇൻഷ്വറൻസ് ഓഫീസിന്റെ പേരുവിവരം രേഖപ്പെടുത്തുക

അപേക്ഷയോടൊപ്പം ഒറിജിനൽ ഡിഡി/ചെല്ലാൻ ഉള്ളടക്കം ചെയ്യണം

ചോദ്യം 14. സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ നിന്നും നേരത്തെ എസ്എൽഐ പോളിസി(കൾ) എടുത്തിട്ടുണ്ടെങ്കിൽ, അതിന്റെ/ അവയുടെ പോളിസി നമ്പർ, പ്രതിമാസ പ്രീമിയം എന്നിവ അതാതു കോളങ്ങളിൽ രേഖപ്പെടുത്തുക

ഫാറം 2 ഇൻഷ്വർ ചെയ്യപ്പെടുന്ന ആൾക്ക് എന്തെങ്കിലും അത്യാഹിതം സംഭവിക്കുന്ന പക്ഷം ഇൻഷ്വറൻസ് തുക കൈപറ്റുന്നതിനായി, അവകാശിയുടെ വിവരങ്ങൾ ഫാറം 2 ൽ (നാമനിർദ്ദേശ പത്രിക) രേഖപ്പെടുത്തേണ്ടതാണ്. സാക്ഷികൾ പേരും മേൽവിലാസവും രേഖപ്പെടുത്തി ഒപ്പിടേണ്ടതുമാണ്.

ഫാറം 3 ഇൻഷ്വർ ചെയ്യപ്പെടുന്ന ആളുടെ പേര്, ഉദ്യോഗപേര്, അടിസ്ഥാന ശമ്പളം, ജനന തീയതി എന്നിവ ഫാറം 3 ൽ രേഖപ്പെടുത്തി മേലുദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതാണ്

4. പോളിസിയിന്മേലുള്ള ആദ്യ പ്രീമിയം (കാലാകാലങ്ങളിൽ വരുന്ന മാറ്റങ്ങൾക്കനുസരിച്ച്) ഏതെങ്കിലും ട്രഷറിയിൽ 8011-105-99 സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് ഫണ്ട് എന്ന അക്കൗണ്ട് ഹെഡ്ഡിൽ അടക്കുകയോ ജില്ലാ ഇൻഷ്വറൻസ് ഓഫീസറുടെ പേരിൽ ഡിമാന്റ് ഡ്രാഫ്റ്റായി അടക്കുകയോ ജില്ലാ ഇൻഷ്വറൻസ് ഓഫീസുകളിൽ പണമായി അടക്കുകയോ ചെയ്യാവുന്നതാണ്
5. ആദ്യമേ തന്നെ മിനിമം പ്രീമിയം സംഖ്യയേക്കാൾ കൂടുതൽ പ്രീമിയം അടച്ച് പോളിസി എടുത്താൽ തുടർന്ന് അടിസ്ഥാന ശമ്പള വർദ്ധനവിനനുസരിച്ച് അഡീഷണൽ പോളിസി എടുക്കുന്നതിൽ നിന്നും ഒഴിവാകാവുന്നതാണ്.
6. പോളിസി നമ്പർ അറിയിച്ചുകൊണ്ടുള്ള ഇൻഷ്വറൻസ് വകുപ്പിന്റെ ഉത്തരവ് ലഭിച്ചതിനുശേഷം മാത്രമേ ശമ്പളത്തിൽ നിന്നും പ്രീമിയം കുറവ് ചെയ്തു തുടങ്ങുവാൻ പാടുള്ളൂ.
7. പോളിസിയിന്മേലുള്ള മാസപ്രീമിയം തൊട്ടുമുമ്പത്തെ മാസത്തെ ശമ്പളത്തിൽ നിന്നും കുറവ് ചെയ്യേണ്ടതാണ്. ഇതിൽ വീഴ്ച വന്നു പോയാൽ പോളിസിയുടമ പ്രസ്തുത സംഖ്യ ഒരു മാസത്തിനുള്ളിൽ ജില്ലാ ഇൻഷ്വറൻസ് ഓഫീസറുടെ പേരിൽ ഡിമാന്റ് ഡ്രാഫ്റ്റായോ ഏതെങ്കിലും ട്രഷറിയിൽ ചെല്ലാനായോ അടവാക്കി ഒറിജിനൽ ഡിഡി/ചെല്ലാൻ ബന്ധപ്പെട്ട ജില്ലാ ഇൻഷ്വറൻസ് ഓഫീസർക്ക് അയച്ചു തരേണ്ടതാണ്.
8. ട്രഷറി ബിൽ മുഖേനയല്ലാതെ ശമ്പളം വാങ്ങുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പ്രീമിയം ശമ്പളം മാറുന്ന തീയതിയിൽ തന്നെയോ തൊട്ടടുത്ത പ്രവൃത്തിദിനത്തിലോ ട്രഷറിയിൽ ചെല്ലാനായോ ഇൻഷ്വറൻസ് ഓഫീസിൽ നേരിട്ടോ അടച്ചിരിക്കണം
9. നിലവിലുള്ള ഒരു പോളിസിയിലെ പ്രീമിയം തുകയിൽ മാറ്റം വരുത്തുവാൻ പാടുള്ളതല്ല. *അടിസ്ഥാന ശമ്പള വർദ്ധനവിനനുസരിച്ച് അഡീഷണൽ പോളിസി*കൾ എടുക്കുന്നതിനായി പ്രത്യേകം അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.
10. 50 വയസ്സ് കഴിഞ്ഞവർ പോളിസിയോ അഡീഷണൽ പോളിസിയോ എടുക്കുന്നതിനു അർഹരല്ല.